പതിനാലാം കേരള നിയമസഭ

16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .6568 | 21.11.2019-ൽ മറുപടിക്ക്

കോട്ടയ്ക്കൽ മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് പദ്ധതികൾ

ചോദ്യം | ഉത്തരം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ
(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ 2018-19, 2019-20 എന്നീ വർഷങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; ഇതിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്ന് വെളിപ്പെടുത്താമോ ;

(എ) നിയോജക മണ്ഡലാടിസ്ഥാനത്തിൽ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ സ്വരൂപിച്ച് സൂക്ഷിക്കുന്നില്ല. എന്നിരുന്നാലും റിപ്പോർട്ട് ചെയ്യപ്പെട്ട വിവരങ്ങൾ താഴെ കൊടുക്കുന്നു. കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ 2018-19, 2019-20 വർഷങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ 6 പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഒരു പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a) കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ 16-ാം വാർഡിൽ (ചിരട്ടക്കുന്ന്) ചെങ്ങണക്കടവ് പ്രദേശത്ത് ഭാരതപ്പുഴയോട് ചേർന്ന് ചെങ്ങണക്കടവ് റെയിൽവെ ലൈൻ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം (ജില്ലാ വിദഗ്ധ സമിതി 31.10.2019-ന് സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്.)

b) മലപ്പുറം ജില്ലയിലെ കൊട്ടുമുടി വിഷ്ണു ക്ഷേത്രത്തിന് സമീപം തിരുവേഗപ്പുറ പാലത്തിന് താഴ്ഭാഗത്ത് തൂതപ്പുഴയുടെ സംരക്ഷണം (ജില്ലാ വിദഗ്ധ സമിതി 31.10.2019-ന് സ്ഥല പരിശോധന നടത്തി യിട്ടുള്ളതാണ്.)

c) കോട്ടയ്ക്കൽ നിയമസഭാ മണ്ഡലത്തിൽ കുറ്റിപ്പുറത്തിന്റെ കിഴക്ക് കൊടക്കങ്ങഴിക്കൽ, ജുമാഅത്ത് പള്ളി പരിസരം, കാങ്കപ്പുതഴകടവ് എന്നിവിടങ്ങളിൽ ഭാരതപ്പുഴയിൽ സംരക്ഷണ ഭിത്തി നിർമ്മാണം (ജില്ലാ വിദഗ്ധ സമിതി 31.10.2019-ന് സ്ഥല പരിശോധന നടത്തി യിട്ടുള്ളതാണ്.)

d) കുറ്റിപ്പുറം പഞ്ചായത്തിൽ പിശാരക്കൽ ദുർഗ്ഗാദേവി ക്ഷേത്രത്തിന് സമീപം പേരശ്ശന്നൂരിൽ ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം (റീച്ച്-1, 45 മീറ്റർ. ജില്ലാ വിദഗ്ധ സമിതി 31.10.2019-ന് സ്ഥല

പരിശോധന നടത്തിയിട്ടുള്ളതാണ്.)

e) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങണക്കടവിന്റെ മുകൾ ഭാഗത്ത് ഭാരതപ്പുഴയുടെ വലത്കര സംരക്ഷണം (റീച്ച്-II 25 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്.)

f) പൊൻമള പഞ്ചായത്തിൽ പൊൻമള തേമ്പറമ്പ് വടക്കേ കണ്ടിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം (24.6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയത് ജില്ലാ തല വിദഗ്ധ സമിതിയുടെ അംഗീകാരത്തിന് വിധേയമായി സംസ്ഥാന ഉന്നതതല സമിതിയ്ക്ക് സമർപ്പിക്കുന്നതാണ്.

(ബി) ആർ.എം.എഫ്. ൽ ഉൾപ്പെടുത്തിയ എത്ര പദ്ധതികളുടെ പ്രൊപ്പോസലുകൾ സംസ്ഥാനതല സമിതിയ്ക്ക് ശിപാർശ ചെയ്യുവെന്നും സംസ്ഥാന തല സമിതി അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാമെന്നും വ്യക്ത മാക്കുമോ;

(ബി) ആർ.എം.എഫ്.ൽ ഉൾപ്പെടുത്തിയ 2 പദ്ധതികൾ ജില്ലാ വിദഗ്ധ സമിതി, സംസ്ഥാനതല സമിതിയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

പൊൻമള പഞ്ചായത്തിൽ പൊൻമള തേമ്പറമ്പ് വടക്കേകണ്ടിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം എന്ന പ്രവൃത്തിയുടെ 24.6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 06.08.2019-ലെ ജില്ലാ വിദഗ്ധ സമിതിയുടെ 87-ാം നമ്പർ യോഗത്തിൽ ഭരണാനുമതിയ്ക്കായി സർക്കാരിലേയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കുറ്റിപ്പുറം പഞ്ചായത്തിലെ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങണക്കടവിന്റെ മുകൾഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം -റീച്ച് 2 എന്ന പ്രവൃത്തിയ്ക്കുള്ള ഭരണാനുമതി 02.10.2019-ന് നൽകിയിട്ടുണ്ട്.

(സി) റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും മലപ്പുറം ജില്ലാകളക്ടർ 2018-19, 2019-20 എന്നീ വർഷങ്ങളിൽ കോട്ടയ്ക്കൽ മണ്ഡലത്തിലേയ്ക്ക് അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതി കൾ സംബന്ധിച്ച വ്യക്തമായ കണക്ക് ലഭ്യമാക്കുമോ?

(സി) ജി.ഒ(ആർ.റ്റി) നമ്പർ.2754/2019/ആർ.ഡി തീയതി 02.10.2019 പ്രകാരം ആർ.എം.എഫ് മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങണക്കടവിന്റെ മുകൾഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണത്തിന് (റീച്ച് -2) 25 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ